(സി) ഈ കമ്പ്ലേഷനുകളിന്മേൽ എന്തു തീരുമാനം എടുത്തു എന്ന് പറയാമോ ;

(ഡി) ആഗോള ടെണ്ടർ വിളിക്കാൻ മന്ത്രിസഭ തീരുമാനിച്ചിരുന്നോ ; എങ്കിൽ അപ്രകാരം തീരുമാനം ഇല്ലാതെ ടെണ്ടർ വിളിച്ച ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കുമോ ;

(ഇ) ഈ ടെണ്ടർ റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആഗോള ടെണ്ടർ വിളിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

പറമ്പിക്കുളം-ആളിയാർ-കരാർപ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട ജലത്തിന്റെ അളവ്

60 (952) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് ഒരുവർഷം എത്ര ടി. എം. സി. ജലം ആണ് ലഭിക്കേണ്ടത് ;

(ബി) ഈ വർഷം പ്രസ്തുത കരാർ അനുസരിച്ച് എത്ര ടി. എം. സി. ജലം കേരളത്തിന് ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത കരാർ പ്രകാരം യഥാസമയം കൃത്യമായി ജലം കേരളത്തിന് ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ തലത്തിൽ നടപ്പിൽ വരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പറമ്പിക്കുളം ആളിയാർ കരാർപ്രകാരം കേരളത്തിന് ഒരുവർഷം ലഭ്യമാക്കേണ്ട ജലത്തിന്റെ കണക്ക് താഴെ പറയുന്ന പ്രകാരമാണ്.

1. ചാലക്കുടി നദീതടത്തിൽ നിന്നും -12.3 ടി. എം. സി ജലം പ്രതിവർഷം കേരള ഷോളയാർ പവർഹൗസിൽ തമിഴ്നാട് ലഭ്യമാക്കേണ്ടതാണ്.

2. ചിറ്റൂർപുഴ പ്രദേശത്തെ കൃഷിക്കായി 7.25 ടി. എം. സി. ജലം ഉപയോഗശൂന്യമായ (പ്രളയജലം കൂടാതെ) വർഷംതോറും

LIBRARY ARCHIVES Kerala Legislative Assembly

കേരളാതിർത്തിയ്ക്കടുത്ത്, തമിഴ്നാട്ടിൽ സ്ഥിതിചെയ്യുന്ന മണക്കടവ് വിയറിൽ ലഭ്യമാക്കേണ്ടതാണ്.

3. പറമ്പിക്കുളം തുണക്കടവ്, പെരുവാരിപ്പള്ളം എന്നീ ജലസംഭരണികളിലും ലോവർ നിരാർ ഡാമിന്റെ വൃഷ്ടി പ്രദേശത്തും ലഭിക്കുന്ന ജലത്തിൽ തമിഴ്നാടിന് അവകാശപ്പെട്ട 16.5 ടി. എം. സി. യ്ക്ക് മുകളിൽ വരുന്ന ജലത്തിൽ നിന്ന് 2.5 ടി. എം. സി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിന് വേണ്ടി ലഭ്യമാക്കേണ്ടതും 19 ടി. എം. സി. യ്ക്ക് മുകളിലുള്ള അധികജലം ചാലക്കുടി നദീതടത്തിൽ തുറന്നുവിടാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4. പെരിയാർ തടത്തിലെ നിരാർ വിയറിൽ നിന്നുള്ള ജലം ഒക്ടോബർ ഒന്നുമുതൽ ജനുവരി 31 വരെ കേരളത്തിലേയ്ക്ക് തുറന്നുവിടാനും വ്യവസ്ഥയുണ്ട്. കേരള ഗവൺമെന്റിന്റെ പര്യാലോചനയിലിരിക്കുന്ന പെരിയാർ തടത്തിലെ ജലസംഭരണികൾ പ്രവർത്തിച്ചു തുടങ്ങുന്നതുവരെ മാത്രമാണ് ഈ വ്യവസ്ഥ. ഇതു ഏകദേശം 1.4 ടി. എം. സി. യോളം ആണെന്ന് വിലയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത കരാർ അനുസരിച്ച് മേയ് രണ്ടാം ദൈവാരംവരെ ഈ വർഷം (20-2-2003) വരെ മണക്കടവ് വിയറിൽ 6.254 ടി. എം. സി. ജലവും കേരളാ ഷോളയാർ ജലസംഭരണിയിൽ 8.963 ടി. എം. സി. ജലവും ലഭിച്ചിട്ടുണ്ട്.

(സി) കേരളത്തിന് ജലം ലഭ്യമാക്കേണ്ട സ്ഥലങ്ങളിലെല്ലാം ഗേജിംഗ് സ്റ്റേഷനുകൾ ഉണ്ട്. ഗേജിംഗ് സ്റ്റേഷനുകളിൽ ഇരു സംസ്ഥാനങ്ങളിലേയ്ക്കും പ്രസ്തുത ഉദ്യോഗസ്ഥർ ജോയിന്റ് ഗേജിംഗ് നടത്തി കേരളത്തിന് ലഭ്യമാക്കേണ്ട ജലത്തിന്റെ കണക്ക് തിട്ടപ്പെടുത്തുന്നുണ്ട്. ഈ കണക്കുകൾ കേരളത്തിന്റെയും തമിഴ്നാടിന്റെയും ലെയിസൺ ഉദ്യോഗസ്ഥന്മാർ പരിശോധിച്ച റിപ്പോർട്ടുകൾ ജോയിന്റ് വാട്ടർ റഗുലേഷൻ ബോർഡിൽ അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഓരോ വർഷവും ലഭിക്കുന്ന ജലത്തിന്റെ കണക്കുകൾ ബോർഡ് മീറ്റിംഗിൽ ഇരു സംസ്ഥാനങ്ങളും ചർച്ചചെയ്തു അംഗീകരിക്കാറുണ്ട്. പറമ്പിക്കുളം ആളിയാർ കരാർ പുനരവലോകനം ചെയ്യുമ്പോൾ ജല ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള കൂടുതൽ നടപടികൾ എടുക്കുന്നതാണ്.

പാലക്കാട് ജില്ലയെ ആർ. എസ്. വി. വൈ. പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

61 (953) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന രാഷ്ട്രീയ സാം വികാസ് യോജന പദ്ധതിയിൽ പാലക്കാട് ജില്ലയെ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly